**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 276** **26-10-2021 - ൽ മറുപടിയ്ക്ക്**

**കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. എച്ച്. സലാം** | | **Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ശിപാർശകൾ സമർപ്പിക്കുന്നതിനായി മന്ത്രിസഭ ഉപസമിതി രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കൃഷിക്കാരുടെ വരുമാനം, കാർഷികോല്പാദനക്ഷമത, ഉത്പന്ന സംഭരണം, ഉത്പന്നങ്ങളുടെ വില, മൂല്യവർദ്ധിത പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം, മറ്റ് അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർദ്ധനവ് വരുത്തേണ്ടതിനായി ശിപാർശകൾ സമർപ്പിക്കാൻ മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ അധ്യക്ഷൻ ബഹു. മുഖ്യമന്ത്രിയും, അംഗങ്ങൾ കൃഷി വകുപ്പമന്ത്രി, തദ്ദേശസ്വയംഭരണ വകുപ്പമന്ത്രി, സഹകരണ വകുപ്പമന്ത്രി, വ്യവസായ വകുപ്പമന്ത്രി, ധനകാര്യ വകുപ്പമന്ത്രി എന്നിവരുമാണ്. |
| (ബി) | പ്രസ്തുത ഉപസമിതിയുടെ ടേംസ് ഓഫ് റഫറൻസ് നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഇല്ല. |
| (സി) | പ്രസ്തുത ഉപസമിതിയുടെ നാളിതുവരെയുള്ള പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തുമോ? | (സി) | ഉപസമിതിയുടെ പ്രവർത്തനമേഖല നിശ്ചയിക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ കൈക്കൊണ്ടു വരികയാണ്. |

സെക്ഷൻ ഓഫീസർ